**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1825** **05-07-2022 - ൽ മറുപടിയ്ക്ക്**

**പൊൻകുന്നത്തെ യാത്രാക്ലേശം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പൊൻകുന്നം കെ എസ് ആർ ടി സി ഡിപ്പോയിൽ എത്ര ബസും എത്ര സർവീസുമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | **പൊൻകുന്നം കെ എസ് ആർ ടി സി ഡിപ്പോയിൽ 30 ബസും 28 സർവ്വീസുകളുമാണുള്ളത്.** |
| (ബി) | പ്രസ്തുത ഡിപ്പോയിൽ നിന്നും ലോക്ഡൗണിന് മുൻപ് നടത്തിയിരുന്ന സർവീസുകളുടെ എണ്ണം വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത ഡിപ്പോയിൽ നിന്നും ലോക്ഡൗണിന് മുൻപ് 34 സർവീസുകൾ നടത്തിയിരുന്നു. |
| (സി) | കോവിഡ് സാഹചര്യത്തിൽ അവയിൽ എത്രയെണ്ണം നിർത്തിയെന്നും എത്രയെണ്ണം പുനഃസ്ഥാപിച്ചുവെന്നും അറിയിക്കാമോ; | (സി) | കോവിഡ് സാഹചര്യത്തിൽ അവയിൽ 8 എണ്ണം നിന്നുപോയിട്ടുണ്ട്. 2 എണ്ണം പുനസ്ഥാപിക്കുകയും ചെയ്തു. നിന്നുപോയ സർവ്വീസുകളിലെ ജനോപകാരപ്രദമായ ട്രിപ്പുകൾ നിലനിർത്തുന്നതിന് നിർദ്ദേശം നൽകി നടപ്പാക്കിയിട്ടുണ്ട്. നഷ്ടത്തിൽ നിന്നുപോയിട്ടുള്ള സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. |
| (ഡി) | ഒൻപത് വർഷത്തിലധികം ലാഭകരമായി നടത്തിയിരുന്ന സൂപ്പർഫാസ്റ്റ് സർവീസുകളും കോവിഡ് സാഹചര്യത്തിൽ നിർത്തലാക്കിയ സർവീസുകളിൽ ഉൾപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ എത്രയും വേഗം പുനഃസ്ഥാപിച്ച് പ്രദേശത്തെ രൂക്ഷമായ യാത്രാക്ലേശം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | സൂപ്പർക്ലാസ് സർവ്വീസുകൾ ശാസ്ത്രീയമായി പരിഷ്കരിക്കുകയും ക്രമീകരിക്കുകയും ചെയ്തതിന്റെ ഭാഗമായി അപ്രസക്ത  സർവ്വീസുകൾ ഡെഡ് ട്രിപ്പ് ഒഴിവാക്കാനായി പുനക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്തതിനാൽ നിന്നുപോയിട്ടുണ്ട്. ഇത്തരം ബസ്സുകൾക്ക് കണക്ടിവിറ്റായിട്ടുള്ള സർവ്വീസുകൾ ക്രമീകരിച്ച് വരുന്നുണ്ട്. ലാഭകരമായ സൂപ്പർക്ലാസ് സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി പുനരാരംഭിക്കുകയോ പുനക്രമീ കരിക്കുകയോ ചെയ്യുന്നതാണ്. |
| (ഇ) | പൊൻകുന്നം ഡിപ്പോയിൽ കൂടുതൽ ബസുകൾ അനുവദിച്ച് സർവീസുകൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഗ്രാമവണ്ടി പദ്ധതിയിലൂടെ തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കുന്നതിന് പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ